LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് കേരള സർക്കാരിൽനിന്നും ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ജൈക്ക അനുമതി നൽകുകയുണ്ടായില്ല.

(ബി) പ്രസ്തുത വിഷയത്തിന്മേൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി 28-7-2015-ൽ വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം രണ്ടാംഘട്ട ജലവിതരണ ശൃംഖലയുടെ ഭാഗമായി 14.95 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ 2015-16 -ലെ നബാർഡ് ധനസഹായത്തിനായി സമർപ്പിക്കുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി&ഡി) നബാർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

നാട്ടിക കടിവെള്ള പദ്ധതി

248(937) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക കുടിവെള്ള പദ്ധതി പ്രകാരം പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് എത്ര കോടി രൂപ വകയിരുത്തിയെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സാങ്കേതിക അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എൻ.ആർ.ഡി.ഡബ്ല്യു.പി. തളിക്കുളം കുടിവെള്ള പദ്ധതി - നാട്ടിക ഫിർക്ക കുടിവെള്ള വിപുലീകരണത്തിനായി 22 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എൻ.ആർ.ഡി.ഡബ്ല്യു.പി. തളിക്കുളം കുടിവെള്ള പദ്ധതി - നാട്ടിക ഫിർക്ക വിപുലീകരണത്തിനായി സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി 22 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.